(എഫ്)പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടനയെപ്പറ്റി ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് എന്തെങ്കിലും നിർദ്ദേശം വച്ചിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ എന്തെല്ലാം; അതിൻമേൽ എന്തു നടപടിയെടുത്തു?

ഉത്തരം

(എ) സംസ്ഥാനത്ത് മൊത്തം 111 പൊതുമേഖലാ സ്ഥാപനങ്ങളാണുള്ളത്.

(ബി) 1998-99-ലെ കണക്കനുസരിച്ച് ലാഭത്തിൽ പ്രവർത്തിക്കുന്ന 44 പൊതുമേഖലാ സ്ഥാപനങ്ങളും നഷ്ടത്തിൽ പ്രവർത്തിക്കുന്ന 46 എണ്ണവുമാണുള്ളത്. ബാക്കിയുള്ളവ പ്രവർത്തനരഹിതമോ വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കാത്തവയോ ആണ്.

(സി) 31.3.99 വരെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഗവൺമെന്റ് ഒട്ടാകെ 4223 കോടി രൂപ മൂലധനമായി നിക്ഷേപിച്ചിട്ടുണ്ട്.

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കഴിഞ്ഞ 3 സാമ്പത്തിക വർഷക്കാലയളവിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ മൊത്തം 2412/- കോടി രൂപ മൂലധനമായി നിക്ഷേപിച്ചിട്ടുണ്ട്.

(ഇ) ഈ ഗവൺമെന്റ് നിലവിൽവന്നശേഷം പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ടാക്കിയിട്ടുള്ള ആകെ നഷ്ടവും ലാഭവും കാണിക്കുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധമായി† വച്ചിട്ടുണ്ട്.

(എഫ്)&(ജി) ഉണ്ട്. സർക്കാർ നയപ്രകാരം പൊതുമേഖലയ്ക്കു മാത്രം സംവരണം ചെയ്തിട്ടുള്ള മേഖലകളിലോ, സ്വകാര്യ മേഖലയിൽ വ്യവസായം തുടങ്ങുവാൻ ആളുകൾ അറച്ചുനിൽക്കുമ്പോഴോ, പിന്നോക്ക പ്രദേശങ്ങളുടെ വികസനത്തിന് സർക്കാരിന്റെ ഭാഗത്തുനിന്ന് ഇടപെടൽ ആവശ്യമായി വരുമ്പോഴോ, സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക പുരോഗതി ലക്ഷ്യമാക്കി വിവിധ മേഖലകളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പാടാക്കാൻ വേണ്ടിയോ അല്ലാതെ ഭാവിയിൽ സർക്കാർ നിയന്ത്രണമോ, ഭൂരിപക്ഷ ഓഹരിയോ ഉള്ള വാണിജ്യ സംരംഭങ്ങൾ ആരംഭിക്കുവാൻ പാടില്ല.

കൂടാതെ അധികവ്യയവും ആവർത്തന രീതിയും ഒഴിവാക്കുവാൻ വേണ്ടി നിലവിലുള്ള ചില വ്യവസായ ഘടകങ്ങളെ കൂട്ടിയോജിപ്പിക്കൽ, പ്രവർത്തന രഹിതമായ സ്ഥാപനങ്ങൾ അടച്ചുപൂട്ടൽ, പൊതുമേഖലാ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ എന്നീ നിർദ്ദേശങ്ങളും ബി.പി.ഇ. ഗവൺമെന്റിന്റെ മുൻപാകെ സമർപ്പിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ ഇപ്പോൾ ഗവൺമെന്റ് പരിഗണനയിലാണ്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പരസ്യം

27 (682)ശ്രീ. കെ. ബാബു :
ശ്രീ. എ.കെ. മണി :

---

† അനുബന്ധം VI
1180/2010.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോന്നും എന്തു തുകയ്ക്കുള്ള പരസ്യങ്ങൾ നൽകിയിട്ടുണ്ട്;

(ബി) ഈ പരസ്യങ്ങൾ നൽകിയത് ഏതെങ്കിലും പരസ്യ കമ്പനികളോ ഏജൻസികളോ വഴിയായിരുന്നുവോ;

(സി) എങ്കിൽ ഏതെല്ലാം പരസ്യ കമ്പനികളോ ഏജൻസികളോ വഴിയാണ് ഈ പരസ്യങ്ങൾ നൽകിയതെന്നും അവയുടെ ഓരോന്നിന്റേയും ഉടമകൾ ആരെന്നും വെളിപ്പെടുത്തുമോ;

(ഡി) ഓരോ പരസ്യ കമ്പനിക്കും ഏജൻസിക്കും ഈ കാലയളവിൽ എന്തു തുകവീതം കൊടുത്തു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചുവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉന്നത ഉദ്യോഗസ്ഥൻമാരുടെ വിദേശ യാത്രകൾ

28 (683) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവൻമാരും മാനേജിംഗ് ഡയറക്ടർമാരും വിദേശയാത്ര നടത്തിയിട്ടുണ്ടോ;

(ബി) ഈ വിദേശയാത്രകൾക്ക് വേണ്ടി സർക്കാരിന് എന്തു തുക ചെലവായി;

(സി) ഈ വിദേശയാത്രകൾക്ക് ഓരോരുത്തർക്കും അനുവദിച്ച വിദേശ നാണ്യം എത്ര വീതമായിരുന്നു;

(ഡി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളുടെ പേരിലാണ് അവർ വിദേശയാത്ര നടത്തിയത്;

(ഇ) ഇതിന്റെ ഫലമായി സംസ്ഥാനത്തിന് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)-(ഇ) വിവരം ശേഖരിച്ചുവരുന്നു.

പ്ലാനിംഗ് ബോർഡ് അംഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ

29 (684) ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly